LIBRARY ARCHIVES Kerala Legislative Assembly

3. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി

ശ്രീ. ഹൈബി ഈഡൻ: സർ, ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്യാൻസർ സെന്ററും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും കൊച്ചി കേന്ദ്രീകരിച്ച് അനുവദിക്കുമെന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു. കളമശ്ശേരിയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ premises-ൽ തന്നെ 35 ഏക്കർ സ്ഥലം നൽകി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2014 ഓഗസ്റ്റ് 18-ാം തീയതി അതിന്റെ തറക്കല്ലിടൽ ചടങ്ങ് നടത്തിയിരുന്നു. ഡോക്ടർ ഗംഗാധരനെ ഇതിന്റെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷൻ തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് നിർമ്മാണം തുടങ്ങാനിരിക്കുകയായിരുന്നു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷനാണ് ഇക്കാര്യത്തിൽ തടസ്സമായി പറയപ്പെടുന്നത്. ജസ്റ്റിസ്. വി. ആർ. കൃഷ്ണയ്യർ അടക്കമുള്ള ആളുകൾ വളരെ ശക്തമായ സമരം ഇതിനുവേണ്ടി നടത്തിയിരുന്നു. ഇത് കൊച്ചി മാത്രമല്ല, മദ്ധ്യമേഖല കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടാണ്. പണമാണ് ഇതിനൊരു പ്രശ്നമായി വരുന്നത്. ഇതിന് ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് ലോൺ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതിന് ആന്വിറ്റി സ്കീം പറഞ്ഞ് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് യാതൊരു കാരണവും കൂടാതെ നിഷേധിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പെറ്റ് പ്രോജക്ടായി പറഞ്ഞ ഈ പദ്ധതി കൊച്ചിക്കുവേണ്ടി അനുവദിക്കണം. അതിനായി ഒരു പ്രത്യേക യോഗംവിളിച്ചു കൂട്ടണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഈ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആന്വിറ്റി മോഡലിൽ സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ആന്വിറ്റി മോഡലിനുവേണ്ടി ധനകാര്യവകുപ്പിൽ പോയപ്പോൾ തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർസെന്റർ എന്നിവയുടെ ഡി.പി.ആർ-മായി താരതമ്യ പഠനം നടത്തണമെന്നാണ് ഇപ്പോൾ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽത്തന്നെ ധനകാര്യവകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ ഒരു യോഗം വിളിച്ച് ചേർക്കുന്നതാണ്. എറണാകുളം ജില്ലാസഹകരണ ബാങ്ക് ഔദ്യോഗികമായി ലോൺ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അവരുമായി ബന്ധപ്പെടുന്നതാണ്.